(ബി) ഭൂജല വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം 60 ലക്ഷം രൂപ ഈ പദ്ധതിയിൻ കീഴിൽ വകയിരുത്തിയിരുന്നു. ഇതിൽ 58.68 ലക്ഷംരൂപ ചെലവാക്കി 75 പദ്ധതികൾ നടപ്പാക്കി. ഈ വർഷം ഈ പദ്ധതിക്കുവേണ്ടി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഓരോ പഞ്ചായത്തിനും പരമാവധി 30 ലക്ഷംരൂപ ഈയിനത്തിൽ ചെലവാക്കുന്നതാണ്. ഇതിന്റെ 20% ഗ്രാമ പഞ്ചായത്തും 80% കേരള സർക്കാരും വഹിക്കുന്നതാണ്.

വരൾച്ചാ പ്രതിരോധ പദ്ധതി

9 (*789) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വരൾച്ചാ പ്രതിരോധ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മുൻ വർഷത്തെ ബജറ്റിൽ വരൾച്ചാ പ്രതിരോധ പദ്ധതിയൊന്നും പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ 2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വരൾച്ചാ പ്രതിരോധ പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി 400 കോടി രൂപയുടെ 700 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 106.60 കോടി രൂപയുള്ള 183 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 19-3-2013-ലും 29-4-2013-ലും ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത ചെക്ക് ഡാമുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പദ്ധതി പ്രകാരം ഏറ്റെടുത്ത ചെക്ക് ഡാമുകളൊന്നും പൂർത്തീകരിച്ചിരുന്നില്ല. അതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

10 (*790) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ ആശുപത്രികളിൽ നല്ലൊരുപങ്കും ശോച്യാവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) മുൻവർഷം പ്രഖ്യാപിച്ച നവീകരണ പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്നും അതിൽ എത്രമാത്രം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ രോഗികൾ തമ്മിലടിച്ചു രണ്ടുപേർ മരിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ആശുപത്രിയിലെ സ്ഥിതിഗതി മനസ്സിലാക്കി മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവിട്ടിരുന്നോ ; എങ്കിൽ എന്തായിരുന്നു ഉത്തരവ് ; അതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് എല്ലാ ആശുപത്രികളേയും റഫറൽ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന രോഗികളുടെ ബാഹുല്യത്തിന് കുറവുണ്ടായിട്ടില്ല. ഇക്കാരണത്താൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എല്ലാം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly